# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2858** **28/01/2014-ൽ മറുപടിക്ക്**

## സമഗ്ര വിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സീമാറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) 2020 യോടുകൂടി സീമാറ്റ്-കേരളയെ വിദ്യാഭ്യാസ പ്ലാനിംഗ്, മാനേജ്മെന്റ് ഭരണനിർവഹണം എന്നീ രംഗങ്ങളിൽ അന്താരാഷ്ട്ര നിലവാരമുള്ള സെന്റർ ഓഫ് എക്സലൻസ് ആക്കി ഉയർത്തുകയും അങ്ങനെ ഒരു സർവ്വകലാശാല നിലയിലേയ്ക്ക് മാറ്റുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സീമാറ്റ്-കേരള വിഷൻ 2020 എന്ന പേരിൽ ഒരു പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ നടത്തിപ്പിലേയ്ക്കായി 3,46,17,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രോജക്ട് പ്രകാരമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) സമഗ്ര വിദ്യാഭ്യാസ പദ്ധതി ഏതൊക്കെ മണ്ഡലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്; അതുമൂലം എന്തൊക്കെ നേട്ടങ്ങളുണ്ടായിട്ടുണ്ട് ;<br><br>(സി) ഇതിനുവേണ്ടി എന്തു തുക നല്കിയിട്ടുണ്ട്; പ്രസ്തുത തുകയുടെ മണ്ഡലം തിരിച്ചുള്ള വിനിയോഗ വിവരം നല്കാമോ? | (ബി) ആന്റ് (സി)<br><br>സമഗ്ര വിദ്യാഭ്യാസ പദ്ധതി കൊടുങ്ങല്ലൂർ, പൊന്നാനി, പറവൂർ, അഴീക്കോട്, ഒറ്റപ്പാലം, നിലമ്പൂർ, കയ്പമംഗലം, തിരൂരങ്ങാടി, ചെങ്ങന്നൂർ, വടക്കാഞ്ചേരി, വേങ്ങര, കൽപ്പറ്റ, വണ്ടൂർ, അടൂർ, ഹരിപ്പാട്, തളിപ്പറമ്പ്, കാസറഗോഡ്, തൃത്താല, കോങ്ങാട്, കളമശ്ശേരി, കൊയിലാണ്ടി, കാഞ്ഞിരപ്പള്ളി, കോഴിക്കോട് നോർത്ത്, കൊടുവള്ളി, |

തിരൂർ, പത്തനാപുരം, അരൂർ, മൂവാറ്റുപുഴ, ചേലക്കര, ആലുവ, കൂത്തുപറമ്പ്, മഞ്ചേശ്വരം, നെന്മാറ, തിരുവമ്പാടി, വട്ടിയൂർക്കാവ്, കൊണ്ടോട്ടി, കോഴിക്കോട് സൗത്ത്, ചിറയിൻകീഴ്, മലപ്പുറം, തൊടുപുഴ, എലത്തൂർ, വർക്കല, ചാത്തന്നൂർ, മങ്കട പൂഞ്ഞാർ, അരുവിക്കര എന്നീ മണ്ഡലങ്ങളിൽ നടപ്പിലാക്കിവരുന്നു. ഓരോ മണ്ഡലത്തിലേയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ ഏജൻസികൾ ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ തയ്യാറാക്കി വരുന്നതേയുള്ളൂ. മാർഗ്ഗരേഖക്കനുസൃതമായിട്ടായിരിക്കും ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദാംശം അന്തിമമായി തീരുമാനിക്കുക. എം.എൽ.എ. മാരുടെ വികസന ഫണ്ട്, എസ്.എസ്.എ, ആർ.എം.എസ്.എ, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ ധനസ്രോതസ്സുകൾ ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിക്കായി പ്രത്യേകമുള്ള ഫണ്ടൊന്നും അനുവദിച്ചിട്ടില്ല.

Sreedev

**സെക്ഷൻ ഓഫീസർ**